# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *211 14.12.2015 - ൽ മറുപടിയ്ക്ക്

## സർക്കാർ ആശുപത്രികളും മരുന്നു വിതരണവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ :<br>ശ്രീ. വി.ശിവൻകുട്ടി :<br>ശ്രീ. എ.പ്രദീപ് കുമാർ :<br>ശ്രീ. എ.എം. ആരിഫ് : | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ)മെഡിക്കൽ കോളേജുൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ പട്ടി കടിയേറ്റ് ചെല്ലുന്നവർക്കു വേണ്ട പ്രതിരോധ മരുന്നുൾപ്പെടെയുള്ള അവശ്യമരുന്നുകൾ ലഭ്യമാകാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം അറിയിക്കാമോ ; | (എ) മെഡിക്കൽ കോളേജുൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ പട്ടി കടിയേറ്റ് ചെല്ലുന്നവർക്കു വേണ്ട പ്രതിരോധ മരുന്നുകൾ ഉൾപ്പെടെയുള്ള എല്ലാ അവശ്യ മരുന്നുകളും ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്.<br>കാൻസർ രോഗചികിത്സയ്ക്കാവശ്യമായ 69 ഇനം മരുന്നുകൾ ഉൾപ്പെടെ 585 ഇനം മരുന്നുകളാണ് നടപ്പു സാമ്പത്തികവർഷത്തെ കോർപ്പറേഷന്റെ മരുന്നു പട്ടികയിൽ ഉള്ളത്. ഇതിൽ ആവർത്തിച്ച് ദർഘാസ് ക്ഷണിച്ചിട്ടും വിതരണക്കാരെ ലഭിക്കാത്ത 67 ഇനം മരുന്നുകൾ ഒഴികെയുള്ള എല്ലാ മരുന്നുകളും കോർപ്പറേഷൻ വാർഷിക ഇന്റന്റ് പ്രകാരം വിതരണം ചെയ്തുവരുന്നു. ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും മേധാവികൾ മുൻകൂട്ടി അംഗീകരിച്ചു നൽകിയ ഇന്റന്റാണ് കോർപ്പറേഷൻ മരുന്നു വിതരണത്തിന് ആധാരമാക്കുന്നത്. മരുന്നുകൾ കീഴ്ഘടക സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തതിനുശേഷം മരുന്നുകളുടെ കരുതൽ സ്റ്റോക്ക് ജില്ലാതല മരുന്നു സംഭരണശാലകളിൽ സൂക്ഷിക്കുന്നുമുണ്ട്.<br>വർദ്ധിച്ചുവരുന്ന മൃഗങ്ങളുടെ കടി മുഖവിലയ്ക്ക് എടുത്തുകൊണ്ട് മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ വരെ പേവിഷബാധക്കെതിരെയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

മൃഗങ്ങളുടെ കടിയേൽക്കുന്നത് സംബന്ധിച്ച് രണ്ടുതരം കുത്തിവെയ്പ്പുകളാണ് നൽകേണ്ടി വരുന്നത്. മാരകമായ കടിയേറ്റ് വരുന്നവർക്ക് സാധാരണ നൽകുന്ന പ്രതിരോധ കുത്തിവെയ്പിനു പുറമെ റാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ നൽകേണ്ടതുണ്ട്. സൂക്ഷ്മ നിരീക്ഷണ സംവിധാനമുള്ള (ഐ.സി.യു) മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രികൾ, ചില താലൂക്ക് ആസ്ഥാന ആശുപത്രികൾ എന്നിവിടങ്ങളിലാണ് റാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ നൽകുന്നത്. കേസുകളുടെ ആധിക്യം പരിഗണിച്ച് വാർഷിക ഇന്റന്റ് സമർപ്പിച്ചിട്ടില്ലെങ്കിൽപോലും 27 താലൂക്ക്തല ആശുപത്രികളിൽ കൂടി ആന്റി റാബിസ് സിറം മരുന്ന് കോർപ്പറേഷൻ ലഭ്യമാക്കിയിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തിൽ 2.71 കോടി രൂപ പേവിഷബാധ മരുന്നുകൾക്കായി കോർപ്പറേഷൻ വിനിയോഗിച്ചെങ്കിൽ നടപ്പ് വർഷം (2015-16) ബജറ്റിൽ 7.25 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രത്യേക അനുമതിയോടെ 2 കോടി രൂപയും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രത്യേക പേവിഷ പ്രതിരോധ അവലോകന യോഗപ്രകാരം ക്യാബിനറ്റ് അനുവദിച്ച 3 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷത്തിൽ പേവിഷബാധ പ്രതിരോധ പ്രവർത്തനത്തിൽ കോർപ്പറേഷന് ലഭ്യമായിട്ടുണ്ട്. അതായത് 12.25 കോടി രൂപ പേവിഷബാധ പ്രതിരോധത്തിനുള്ള മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്യാൻ കോർപ്പറേഷന് സർക്കാർ നൽകിയിട്ടുണ്ട്. ഇതിനുപുറമെ ആരോഗ്യവകുപ്പിന്റെ ഫീൽഡ്തല പ്രവർത്തകർ വഴിയും പത്ര മാധ്യമങ്ങളിലൂടെയും സംശയാസ്പദമായ രീതിയിലുള്ള ഏതൊരു മൃഗത്തിന്റെ കടിയും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് വഴിതെളിച്ചേക്കാം എന്നുള്ള സന്ദേശം പരമാവധി ജനങ്ങളിലേക്ക് എത്തിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. മേൽ സാഹചര്യം ഉണ്ടായാൽ 24 മണിക്കൂറിനകം പ്രതിരോധ കുത്തിവയ്പ് എടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശവും പൊതുജനാരോഗ്യ സംവിധാനം വഴി ലഭ്യമാക്കിയിട്ടുണ്ട്.

| | |
|---|---|
| (ബി) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് മരുന്ന വിതരണ കമ്പനികൾക്ക് കുടിശ്ശിക വരുത്തിയത് മരുന്ന വിതരണത്തെ പ്രതികൂലമായി ബാധിച്ച വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; മരുന്ന കമ്പനികൾക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണ് ; വ്യക്തമാക്കുമോ? | (ബി) മരുന്ന കമ്പനികൾക്ക് കുടിശ്ശിക വരുത്തി എന്നതിനോടനുബന്ധിച്ച് സംസ്ഥാനത്തിൽ മരുന്ന വിതരണത്തിന് യാതൊരു വിധത്തിലുള്ള തടസ്സവും നേരിട്ടിട്ടില്ല. നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 223.8 കോടി രൂപയുടെ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും കോർപ്പറേഷന്റെ വിവിധ ജില്ലാതല മരുന്നുസംഭരണ ശാലകളിലൂടെ സംസ്ഥാന ആരോഗ്യവകുപ്പിന്റെയും, ആരോഗ്യവിദ്യാഭ്യാസ വകുപ്പിന്റെയും കീഴ്ഘടക സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ബജറ്റിലെ പ്രഖ്യാപിത തുകയായ 300 കോടി രൂപയിൽ നാളിതുവരെ ധനകാര്യവകുപ്പിൽ നിന്ന് കോർപ്പറേഷന് 150 കോടി രൂപ ലഭ്യമായിട്ടുണ്ട്. ധനകാര്യവകുപ്പിൽ നിന്ന് ലഭ്യമായിട്ടുള്ള 150 കോടിക്ക് പുറമെ മറ്റു ധനസ്രോതസ്സുകളിലൂടെ കണ്ടെത്തിയ 8 കോടി രൂപയും ചേർത്ത് 158 കോടി രൂപ മരുന്ന നൽകിയ കമ്പനികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.<br><br>മരുന്ന വാങ്ങിയ ഇനത്തിൽ നിലവിൽ 123 കോടി രൂപ കോർപ്പറേഷൻ വിവിധ കമ്പനികൾക്ക് നൽകുവാനുണ്ട്. മേൽ വിഷയം ധനകാര്യവകുപ്പിന്റെ സജീവ പരിഗണനയിൽ ആകയാൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കമ്പനികൾക്കു നൽകുവാനുള്ള തുക ദർഘാസ് നിബന്ധനകൾക്കനുസൃതമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.<br><br>ഇതിനുപുറമെ നടപ്പ് സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ സ്ഥാപനമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിലൂടെ 28 ഇനം മരുന്നുകൾ 19.44 കോടി രൂപയ്ക്ക് സംഭരിക്കുന്നതിനുള്ള ഉത്തരവ് നൽകുകയും 2015 ഡിസംബർ 7 വരെ 14.8 കോടി രൂപയുടെ മരുന്നുകൾ വിതരണം ചെയ്യുകയും 08.12.2015 വരെ 12 കോടി രൂപ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിലയായി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ